©
കേരള സർക്കാർ
Government of Kerala
2016

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2015-17

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

### ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
### PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 5<br>Vol. V | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2016 ഒക്ടോബർ 27<br>27th October 2016<br>1192 തുലാം 11<br>11th Thulam 1192<br>1938 കാർത്തികം 5<br>5th Karthika 1938 | നമ്പർ<br>No. 1854 |

## കേരള സർക്കാർ

സാംസ്കാരികകാര്യ (സി) വകുപ്പ്

### വിജ്ഞാപനം

സ. ഉ. (കൈയെഴുത്ത്) നമ്പർ 18/2016/സാം.കാ.വ.

*തിരുവനന്തപുരം, 2016 ഒക്ടോബർ 18*
*1192 തുലാം 2.*

**എസ്. ആർ. ഒ. നമ്പർ 665/2016.**—2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ (2011-ലെ 6) 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ച്, കേരള സർക്കാർ, 2013 ജനുവരി 8-ാം തീയതിയിലെ സ. ഉ. (കൈയെഴുത്ത്) നമ്പർ 1/2013/ സാം.കാ.വ. പ്രകാരം രൂപീകരിച്ച് 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്. ആർ. ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്തിട്ടുള്ള 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി വീണ്ടും ഭേദഗതി ചെയ്യുന്നതിനായി താഴെപ്പറയും പ്രകാരമുള്ള പദ്ധതി ഇതിനാൽ ഉണ്ടാക്കുന്നു, അതായത്:—

പദ്ധതി

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ പദ്ധതിക്ക് 2016-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി (ഭേദഗതി) പദ്ധതി എന്ന പേര് പറയാം.

(2) ഈ പദ്ധതി ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. പദ്ധതിയുടെ ഭേദഗതി.—2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതിയിലെ 3-ാം ഖണ്ഡികയിലെ (2)-ാം ഉപഖണ്ഡികയ്ക്ക് കീഴിലുള്ള ക്ലിപ്ത നിബന്ധനയിലെ "രണ്ടുവർഷത്തിനകം" എന്ന വാക്കുകൾക്ക് പകരം "നാലുവർഷത്തിനകം" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

റാണി ജോർജ്ജ്, ഐ.എ.എസ്.,
*ഗവൺമെന്റ് സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ആക്റ്റിലെ 7-ാം വകുപ്പിനു കീഴിലുള്ള ക്ലിപ്ത നിബന്ധന പ്രകാരം, 60 വയസ്സുകഴിഞ്ഞ കലാ സാംസ്കാരിക പ്രവർത്തകർക്ക് അഞ്ചുവർഷത്തെ അംശദായം ഒറ്റത്തവണയായി അടച്ച് ക്ഷേമനിധിയിൽ അംഗമാകാൻ വ്യവസ്ഥയുണ്ട്. 2013 മാർച്ച് 27-ാം തീയതിയിലെ 909-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച എസ്. ആർ. ഒ. നമ്പർ 246/2013 ആയി വിജ്ഞാപനം ചെയ്ത 2013-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി, 2014 ജൂൺ 12-തീയതി 1680-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിച്ച എസ്. ആർ. ഒ. 388/2014-ാം നമ്പർ വിജ്ഞാപനം മുഖേന ഭേദഗതി ചെയ്യപ്പെട്ട 3-ാം ഖണ്ഡിക 2-ാം ഉപഖണ്ഡികയിലെ ക്ലിപ്ത നിബന്ധന മേൽവിഭാഗത്തിൽപ്പെട്ട കലാ സാംസ്കാരിക പ്രവർത്തക പദ്ധതി നിലവിൽ വന്ന തീയതി മുതൽ രണ്ടുവർഷത്തിനകം അംഗത്വത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കലാ സാംസ്കാരിക രംഗത്തെ വിവിധ സംഘടനകളുടെ അഭ്യർത്ഥന കണക്കിലെടുത്ത് 60 വയസ്സു കഴിഞ്ഞ കലാസാംസ്കാരിക പ്രവർത്തകർക്ക്, കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി അംഗത്വത്തിനായി അപേക്ഷിക്കുന്നതിനുള്ള കാലാവധി രണ്ടു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചു നൽകുന്നതിന് സർക്കാർ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ഉദ്ദേശ്യം നിറവേറ്റുന്നതിന് വേണ്ടിയുള്ളതാണ് ഈ വിജ്ഞാപനം.

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2016.